# അപ്പൻഡിക്സ് എച്ച്-4

ശ്രീ. നസീഫ്.പി.യു. ഫാർമസിസ്റ്റ് ഗ്രേഡ്-2, തച്ചമ്പാറ പ്രാഥമികാരോഗ്യ കേന്ദ്രം, പാലക്കാട് - നെ അറിയിക്കുന്നത്. താങ്കളുടെ പേരിൽ 27.10.2022 തീയതി ലഭ്യമായ അഡ്രസ്സിൽ നൽകിയ കാരണം കാണിക്കൽ നോട്ടീസ് (കത്ത് നം. എ6-10064/2022, തീയതി. 27.10.2022) "1960 ലെ കേരളാ സിവിൽ സർവ്വീസസ് (നിയന്ത്രണവും, തരംതിരിവും, അപ്പീലും) പ്രകാരം വിശദീകരണം സമർപ്പിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് താങ്കൾക്ക് നൽകിയിരുന്നു. ആയത് താങ്കൾ സമർപ്പിച്ചിരുന്നില്ല. ആയതിനാൽ, ഈ നോട്ടീസ് പ്രസിദ്ധപ്പെടുത്തി 15 ദിവസത്തിനകം താങ്കൾക്ക് വല്ലതും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. ഇപ്രകാരം ചെയ്തില്ലെങ്കിൽ താങ്കൾക്ക് ഒന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്. കാരണം കാണിക്കൽ നോട്ടീസിന്റെ പൂർണ്ണരൂപം നേരിട്ട് അപേക്ഷ നൽകി പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും ഓഫീസ് പ്രവൃത്തി സമയത്ത് ശേഖരിക്കുകയോ, താങ്കളുടെ അഡ്രസ്സിൽ നിശ്ചിത സമയപരിധിക്കുള്ളിൽ അയച്ചുതരുവാൻ അപേക്ഷിക്കുകയോ ചെയ്യാവുന്നതാണ്.

അച്ചടക്ക നടപടി അധികാരിയുടെ തസ്തിക:
ജില്ല മെഡിക്കൽ ഓഫീസർ (ആരോഗ്യം), പാലക്കാട്

**ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),**
പാലക്കാട്.

സ്വീകർത്താവ്:

ശ്രീ. നസീഫ്.പി.യു., ഷമീമ മൻസിൽ,
തൃക്കല്ലൂർ പോസ്റ്റ്, ചിറയ്ക്കൽപടി,
പാലക്കാട് - 678 593

എഎ. 14.03.2023

നമ്പർ എ6/10064/2022

ജില്ലാ മെഡിക്കൽ ഓഫീസ് (ആ),
പാലക്കാട്, പിൻകോഡ്:678 001
ഫോൺ നമ്പർ: 0491 2505264
palakkaddmo@gmail.com
aadmohpkd@gmail.com
തീയതി: 27.10.2022.

## *കാരണംകാണിക്കൽ നോട്ടീസ്*

വിഷയം: ആരോഗ്യവകുപ്പ്- ജീവനക്കാര്യം - ശ്രീ. നസീഫ്.പി.യു. (ഫാർമസിസ്റ്റ് ഗ്രേഡ്-2) പ്രാഥമികാരോഗ്യകേന്ദ്രം, തച്ചമ്പാറ - അനധികൃതമായി ജോലിക്ക് ഹാജരാവാതിരിക്കൽ - കാരണം കാണിക്കൽ നോട്ടീസ് നൽകുന്നത് സംബന്ധിച്ച് -

സൂചന:
1) പ്രാഥമികാരോഗ്യകേന്ദ്രം, തച്ചമ്പാറ പ്രാഥമികാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസറുടെ 22.07.2022 തീയ്യതിയിലെ എ-154/2021 നം.കത്ത്.
2) ഈ കാര്യാലയത്തിലെ ഇതേ നമ്പർ കുറ്റാരോപണ മെമ്മോ തീയ്യതി: 11.08.2022
3) ജീവനക്കാരന്റെ പ്രതിവാദ പത്രിക, തീയ്യതി 29.08.2022

...........

തച്ചമ്പാറ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ (ഫാർമസിസ്റ്റ് ഗ്രേഡ്-2) ആയി ജോലി ചെയ്ത് വരവെ ശ്രീ. നസീഫ്.പി.യു എന്ന താങ്കൾ വിദേശത്ത് ജോലി ചെയ്യുന്നതിനായി 5 വർഷത്തെ ശൂന്യവേതനാവധിയിൽ പ്രവേശിച്ചിരുന്നു. താങ്കളുടെ ജോലിക്ക് ഹാജരാകുന്നില്ല എന്ന് സൂചന കത്ത് പ്രകാരം മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇതിന് സൂചന (2) പ്രകാരം കുറ്റാരോപണ മെമ്മോ താങ്കളുടെ ലഭ്യമായ അഡ്രസ്സിൽ രജിസ്റ്റേർഡ് തപാലായി നൽകിയിരുന്നു. തുടർന്ന് സമർപ്പിച്ച പ്രതിവാദപത്രിക തികച്ചും തൃപ്തികരമല്ലായിരുന്നു. ഈ സാഹചര്യത്തിൽ 1960-ലെ കേരളാ സിവിൽ സർവീസസ് (നിയന്ത്രണവും തരംതിരിവും അപ്പീലും) ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരം താങ്കളെ 01.11.2021 മുതൽ സർവീസിൽ നിന്നും നീക്കം ചെയ്യുവാൻ താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു.

ഈ ശിക്ഷ താങ്കളിൽ ചുമത്തപ്പെടാതിരിക്കുന്നതിനുള്ള കാരണം വല്ലതും ബോധിപ്പിക്കാനുണ്ടെങ്കിൽ അത് ഈ നോട്ടീസ് ലഭിച്ച് 15 ദിവസത്തിനകം രേഖാമൂലം ബോധിപ്പിക്കേണ്ടതാണ് നിശ്ചിത ദിവസത്തിനകം ബോധിപ്പിച്ചില്ലെങ്കിൽ താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ ശിക്ഷ വിധി സ്ഥിരപ്പെടുത്തുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

**ഡോ. റീത്ത. കെ. പി**
**ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),**
പാലക്കാട്.

സ്വീകർത്താവ്:

ശ്രീ. നസീഫ്.പി.യു.
ഷമീമ മൻസിൽ, ത്രിക്കല്ലൂർ പോസ്റ്റ്
ചിറക്കൽപ്പടി, പാലക്കാട് - 678 593
(രജിസ്റ്റേർഡ് തപാൽ കൈപ്പറ്റ് രശീതി സഹിതം)

പകർപ്പ്:

1. മെഡിക്കൽ ഓഫീസർ പ്രാഥമികാരോഗ്യകേന്ദ്രം, തച്ചമ്പാറ
2. എ5 സെക്ഷൻ
3. ഫയൽ/കരുതൽ ഫയൽ.